(ബി, സി ആന്റ് ഡി) സംസ്ഥാനത്തെ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള സ്റ്റാഫ് ഘടന ഇപ്പോൾ നിലവിലില്ല. തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ ഇപ്പോൾ നിലവിലുള്ള തസ്തികകൾ, സി. സി. എച്ച്. റഗുലേഷൻ അനുസരിച്ച് പ്രൊഫസർ, റീഡർ, ലക്ചറർ എന്നീ തസ്തികകളിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിലേക്കായി, ഒരു പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്ന മുറയ്ക്ക് ദിവസേന വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ പ്രാക്ടീസ് ഓഫ് മെഡിസിൻ വിഭാഗത്തിൽ ഒ. പി. പ്രവർത്തിപ്പിക്കുവാൻ സാധിക്കും.

കാവേരി നദിയിൽ നിന്നും ലഭിക്കേണ്ട ജലം

*11 [311] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, എം. പി. ഗംഗാധരൻ :
,, പി. ജെ. ജോയി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാവേരി നദിയിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവെത്രയാണ്;

(ബി) അതിൽ എത്രയാണ് ഇപ്പോൾ ലഭിക്കുന്നത്;

(സി) ഈ ജലം എപ്രകാരമാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തിന് അവകാശപ്പെട്ട ജലം കൃത്യമായി ലഭിക്കുവാൻ എന്തെല്ലാം പദ്ധതികൾ സംസ്ഥാനം നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കാവേരി നദിയിൽ നിന്നും 99.8 ടി. എം. സി. ജലം ലഭിക്കുന്നതിനു വേണ്ടി കാവേരി നദീജല തർക്ക ട്രിബ്യൂണൽ മുമ്പാകെ കേരളം അവകാശവാദം ഉന്നയിച്ചിട്ടുണ്ട്.

(ബി) 5 ടി. എം. സി.

(സി) വിവിധ ചെറുകിട ജലസേചന പദ്ധതികൾ മുഖേനയാണ് ലഭിക്കുന്നത്.

(ഡി) കേരളത്തിന് കാവേരി നദീതടത്തിൽനിന്നും 99.8 ടി. എം. സി. ജലം ലഭിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികളുടെ റിപ്പോർട്ടുകൾ കാവേരി നദീജലതർക്ക ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ട്രൈബ്യൂണലിന്റെ അന്തിമ വിധിക്കനുസൃതമായി മാത്രമേ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ കാവേരി നദീതടത്തിലുള്ള ബാണാസുരസാഗർ ഇലക്ട്രിസിറ്റി പ്രോജക്ടും കാരാപ്പുഴ ജലസേചന പദ്ധതിയും അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly